# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 26 — 28.10.2019-ൽ മറുപടി നൽകേണ്ടത്

## സർക്കാർ ജീവനക്കാർ കുട്ടികളെ ഓഫീസിൽ പ്രവർത്തന സമയത്ത് കൊണ്ടുവരുന്നതിനെതിരെ

| ചോദ്യം<br>ഡോ.എം.കെ.മുനീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ പ്രവർത്തന സമയത്ത് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് 18.05.2018-ലെ 112/എ.ആർ13(2)/18/ഉഭപവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് വകുപ്പ മേലധികാരികൾ/ വകുപ്പ് അദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തണമെന്നും, നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.മേൽ വിഷയത്തിൽ വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിലുണ്ടാകുന്ന അമാന്തത മനുഷ്യാവകാശ കമ്മീഷൻ എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സർക്കാർ ഇക്കാര്യം ഗൗരവമായി കാണുന്നുവെന്ന് ഉറപ്പാക്കുന്നതിന് സർക്കുലറുകൾക്ക് ഉപരി സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിലാകെ ഇത് സംബന്ധിച്ച പ്രാവർത്തിക നടപടികൾ കർശനമായി നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (ബി) | സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ